LIBRARY ARCHIVES Kerala Legislative Assembly

ആരാധനാലയങ്ങളെ വാട്ടർ ചാർജ്ജിൽ നിന്ന് ഒഴിവാക്കിയ നടപടി

35 [1721] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
" ജോർജ്ജ് ജെ. മാത്യു:
" കെ. എ. ചന്ദ്രൻ:
" എൻ. ശക്തൻ:
ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ നിന്നും വാട്ടർ കണക്ഷൻ എടുത്തിട്ടുള്ള ഏതെങ്കിലും ആരാധനാലയങ്ങളെ വാട്ടർ ചാർജ്ജിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഗണത്തിൽപ്പെട്ട ആരാധനാലയങ്ങളെയാണ് ഒഴിവാക്കിയിട്ടുള്ളതെന്ന് പറയുമോ;

(സി) എന്തടിസ്ഥാനത്തിലാണ് ഈ ഗണത്തിൽപ്പെട്ട ആരാധനാലയങ്ങളെ വാട്ടർ ചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതെന്ന് പറയുമോ;

(ഡി) ആരാധനാലയങ്ങളെ വാട്ടർ ചാർജ്ജിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയിൽ നിന്നും വാട്ടർ കണക്ഷൻ എടുത്തിട്ടുള്ള ആരാധനാലയങ്ങളെ വാട്ടർ ചാർജ്ജിൽ നിന്ന് ഒഴിവാക്കിയിട്ടില്ല.

(ബി, സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

കാരാപ്പുഴ ജലസേചന പദ്ധതി

36 [1722] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരാപ്പുഴ ജലസേചന പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതി ആരംഭിച്ചത് ഏത് വർഷത്തിലായിരുന്നു; ആദ്യ ഘട്ടത്തിൽ കണക്കാക്കപ്പെട്ട പദ്ധതി എസ്റ്റിമേറ്റ് തുക എത്രയായിരുന്നു എന്നും ഇതിനകം എന്ത് തുക ചെലവഴിക്കുകയുണ്ടായി എന്നും അറിയിക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും, ഇനിയും എന്ത് തുക ചെലവഴിക്കേണ്ടതായി വരുമെന്നാണ് കണക്കാക്കുന്നതെന്നും വിശദമാക്കുമോ;

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട എത്ര കരാറുകൾ നൽകിയിട്ടുണ്ടെന്നും കരാർ തുകകൾ എത്രയായിരുന്നുവെന്നും ഇപ്പോൾ ഓരോ കരാർ തുകയും എത്രയായി വർദ്ധിപ്പിച്ചുവെന്നും വ്യക്തമാക്കാമോ;

(ഇ) പദ്ധതിയുമായി ബന്ധപ്പെട്ട ഡാം, കനാൽ തുടങ്ങി ഏതെല്ലാം പ്ലാനുകളും എസ്റ്റിമേറ്റുകളും ഏതെല്ലാം ഘട്ടത്തിൽ എത്ര തവണ മാറ്റം വരുത്തുകയുണ്ടായി;

(എഫ്) കരാറുകാരുമായി ബന്ധപ്പെട്ട ഏതെല്ലാം കേസുകൾ നിലവിലുണ്ട്; വിജിലൻസ് അന്വേഷണത്തിന് വിട്ടിട്ടുള്ളവ ഏതെല്ലാം?

ഉത്തരം

(എ) കാരാപ്പുഴ ജലസേചന പദ്ധതി 2004-05-ൽ ഭാഗികമായി കമ്മീഷൻ ചെയ്യുവാൻ വേണ്ട പ്രവൃത്തികൾക്ക് ടെണ്ടർ വിളിക്കുന്നുണ്ട്. തുടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) 1980-ൽ പ്രവൃത്തി ആരംഭിച്ചു. ആദ്യഘട്ടത്തിലെ എസ്റ്റിമേറ്റ് തുക 760 ലക്ഷം രൂപ, 2003 ഡിസംബർ 31 വരെ 201.08 കോടി രൂപ ചെലവായി.

(സി) 2004-05 വർഷത്തിൽ ഭാഗികമായി കമ്മീഷൻ ചെയ്യുവാൻ കഴിയും. ഇപ്പോഴത്തെ നിരക്ക് പ്രകാരം ഏകദേശം 52 (അമ്പത്തിരണ്ട്) കോടി രൂപ ഇനിയും വേണ്ടിവരും.

(ഡി) 1979 മുതൽ പദ്ധതിയുടെ പ്രവർത്തനത്തിനുവേണ്ടി ചെറുതും വലുതുമായ ധാരാളം കരാറുകൾ നൽകിയിട്ടുണ്ട്. ഇതുവരെ ചെലവഴിച്ച 201.08 കോടി രൂപയിൽ 186.70 കോടി രൂപ പ്രവൃത്തികൾക്കും 14.38 കോടി രൂപ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും വേണ്ടിയാണ്.

(ഇ) പ്ലാനിന്റെയും എസ്റ്റിമേറ്റിന്റെയും 1979 മുതലുള്ള വ്യതിയാനം സംബന്ധിച്ച വിശദാംശങ്ങൾ ഉടനടി ലഭ്യമല്ല. വിവരം ശേഖരിച്ചുവരുന്നു.

(എഫ്) സ്പിൽവേ നിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ട് കരാറുകാർക്കെതിരെ വി.സി. 5/2000/വയനാട് നമ്പരായി വിജിലൻസ് കേസ് അന്വേഷണം നടന്നുവരുന്നു. വി. സി. 1/2001/വയനാട് നമ്പരിൽ മറ്റൊരു കേസിൽ രണ്ട് കരാറുകാർക്കെതിരെ അന്വേഷണം പൂർത്തിയാക്കി. നിർമ്മാണ പ്രവർത്തനങ്ങളിൽ സിമന്റും കമ്പിയും ഉപയോഗിച്ചതിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് പരിശോധിച്ചുവരുന്നു. കാരാപ്പുഴ പദ്ധതിയിലെ വെള്ളട പോത്തുകെട്ടി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ചും അന്വേഷണം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly